"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അഴിക്കോട് മുനക്കൽ മുസിരിസ് ഡോൾഫിൻ ബീച്ച് ഫെസ്റ്റ് 2025 - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3023/2025/LSGD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:- 1. കൈപ്പമംഗലം എംഎൽഎ സമർപ്പിച്ചിരിക്കുന്ന 29.10.2025 തീയതിയിലെ കത്ത്.

**ഉത്തരവ്**

2025 ഡിസംബർ 20 മുതൽ 31 വരെ സംഘടിപ്പിക്കുന്ന അഴിക്കോട് മുനക്കൽ മുസിരിസ് ഡോൾഫിൻ ബീച്ച് ഫെസ്റ്റിന് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കൈപ്പമംഗലം എംഎൽഎ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 ഡിസംബർ 20 മുതൽ 31 വരെ സംഘടിപ്പിക്കുന്ന അഴിക്കോട് മുനക്കൽ മുസിരിസ് ഡോൾഫിൻ ബീച്ച് ഫെസ്റ്റിവലിന്റെ നടത്തിപ്പിനായി കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി, മതിലകം ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ₹50,000/-(അൻപതിനായിരം രൂപ മാത്രം) രൂപ വീതവും മതിലകം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ₹25,000/- (ഇരുപത്തയ്യായിരം രൂപ മാത്രം) രൂപ വീതവും തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MUHAMMED NAJEEB T A
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 20-12-2025 16:53:17

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.